സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

## പിവി അൻവർ സംയമനം പാലിക്കണം'; മുല്ലപ്പള്ളി രാമചന്ദ്രൻ

തിരു : പിവി അൻവറിനെ യുഡിഎഫിലെ അസോസിയേറ്റ് മെമ്പറായി എടുത്തതിന് പിന്നാലെ പ്രതികരണവുമായി മുൻ കെപിസിസി അദ്ധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രൻ. യുഡിഎഫിലേക്ക് വരുന്ന അൻവർ സംയമനം പാലിക്കണമെന്നും മുന്നണിയെ ഒരു വഴിയമ്പലമായി' കാണരുതെന്നും അദ്ദേഹം പറഞ്ഞു. അവസര സേവകരുടെ അവസാന അഭയകേന്ദ്രമായി യുഡിഎഫ് മാറരുതെന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാവരെയും മുന്നണിയിലേക്ക് കൊണ്ടുവരുക എന്നത് പ്രയാസമുള്ള കാര്യമാണ്. എല്ലാവർക്കും എംഎൽഎ സ്ഥാനം വേണമെന്ന് പറഞ്ഞാൽ അംഗീകരിക്കാൻ പ്രയാസമുണ്ട്. അതുകൊണ്ട് ഒരിക്കലും ഒരു വഴിയമ്പലമായി ഐക്യജനാധിപത്യ മുന്നണിയെ നോക്കിക്കാണാൻ സാധ്യമല്ല. പാർട്ടിക്ക് വിരുദ്ധമായി അൻവർ സംസാരിക്കാൻ പാടില്ല. ഐക്യജനാധിപത്യ മുന്നണിയുടെ അന്തസ് കാത്തുസൂക്ഷിക്കാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്' – മുല്ലപ്പള്ളി പറഞ്ഞു.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com

www.swathanthramandapam.com വാള്യം: 60 ലക്കം: 232 2025 ഡിസംബർ 23 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

# 4,000 കോടിയുടെ കരാർ, ഇന്ത്യയിൽ നിന്ന് ബ്രഹ്മോസ് മിസൈൽ വാങ്ങാൻ വിയറ്റ്നാമും ഇന്തോനേഷ്യയും

ന്യൂഡൽഹി: ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി മേഖലയിൽ വലിയ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കി വിയറ്റ്നാം, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുമായുള്ള ബ്രഹ്മോസ് മിസൈൽ കരാറുകൾ അന്തിമഘട്ടത്തിലേക്ക്. ഏകദേശം 4,000 കോടി രൂപയുടെ കരാറാണ് ഇരുരാജ്യങ്ങളുമായി ഒപ്പുവയ്ക്കാൻ പോകുന്നതെന്നാണ് റിപ്പോർട്ട്. ഇരുരാജ്യങ്ങൾക്കും മിസൈൽ കൈമാറാൻ ബ്രഹ്മോസിലെ പങ്കാളിയായ റഷ്യയും അനുമതി നൽകിയതോടെയാണ് കരാർ യാഥാർഥ്യമാകാനൊരുങ്ങുന്നത്.

ഡിസംബർ 4-ന് ഇന്ത്യൻ പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങും റഷ്യൻ പ്രതിരോധ മന്ത്രി ആൻഡ്രി ബെലോസോവും തമ്മിൽ നടന്ന കൂടിക്കാഴ്ചയിൽ റഷ്യ ഇതിന് വാക്കാലുള്ള ഉറപ്പ് നൽകിയിരുന്നു. ഔദ്യോഗികമായ അനുമതി പത്രം (No-objection certificate) മോസ്കോയിൽ നിന്ന് ഉടൻ ലഭിക്കുമെന്നാണ് സൂചന.

ദക്ഷിണ ചൈനാ കടലിൽ വർധിച്ചുവരുന്ന ചൈനീസ് സാന്നിധ്യത്തെ തുടർന്നാണ് ഇരുരാജ്യങ്ങളും ഇന്ത്യയിൽ നിന്ന് ബ്രഹ്മോസ് മിസൈൽ വാങ്ങാനൊരുങ്ങുന്നത്. ദക്ഷിണ ചൈനാ കടലിലെ അവകാശവുമായി ബന്ധപ്പെട്ട് വിയറ്റ്നാമിനും ഇന്തൊനേഷ്യയ്ക്കും തർക്കങ്ങളുണ്ട്. ഇത് തുടരുന്നതിനിടെയാണ് തീരസുരക്ഷ ഉറപ്പുവരുത്താൻ ഇന്ത്യൻ ആയുധങ്ങൾ വാങ്ങാനൊരുങ്ങുന്നത്. ആസിയാൻ രാജ്യങ്ങളുടെ പ്രധാന പ്രതിരോധ പങ്കാളി എന്ന രാജ്യമായി ഇന്ത്യ ഉയർന്നുവരുന്നതിന് ഇരുരാജ്യങ്ങളുമായുള്ള ബ്രഹ്മോസ് ഇടപാട് സഹായിക്കും.



ശബ്ദത്തേക്കാൾ മൂന്നിരട്ടി വേഗതയിൽ (Mach 2.8) സഞ്ചരിക്കുന്ന ലോകത്തിലെ തന്നെ മികച്ച സൂപ്പർസോണിക് ക്രൂസ് മിസൈലുകളിലൊന്നാണ് ബ്രഹ്മോസ്. ഇതിന്റെ 290 കിലോമീറ്റർ ദൂരം വരെ സഞ്ചരിക്കാവുന്ന മിസൈലുകളാകും ഇരുരാജ്യങ്ങൾക്കും ഇന്ത്യ നൽകുക. ഫിലിപ്പീൻസാണ് ഇന്ത്യയിൽ നിന്ന് ബ്രഹ്മോസ് വാങ്ങിയ ആദ്യ രാജ്യം. ഇതിന് പിന്നാലെയാണ് മറ്റ് രാജ്യങ്ങളും മിസൈൽ വാങ്ങാനെത്തുന്നത്.

2024 മെയ് മാസത്തിൽ നടന്ന 'ഓപ്പറേഷൻ സിന്ദൂർ' എന്ന സൈനിക നടപടിയിൽ പാകിസ്താനെ വിറപ്പിച്ച ആയുധമാണ് ബ്രഹ്മോസ്. സുഖോയ് -30 എംകെഐ വിമാനത്തിൽനിന്ന് തൊടുത്ത ബ്രഹ്മോസ് മിസൈലുകൾ പാക് സൈനിക താവളങ്ങളെ തകർത്തിരുന്നു. 2028-ഓടെ 800 കിലോമീറ്റർ ദൂരപരിധിയുള്ള ബ്രഹ്മോസിന്റെ പുതിയ പതിപ്പും പുറത്തിറങ്ങും.

ബ്രഹ്മോസിന് പുറമെ ഇന്ത്യ തദ്ദേശിയമായി വികസിപ്പിച്ച മറ്റ് ആയുധങ്ങൾക്കും ഇപ്പോൾ ആവശ്യക്കാർ ഏറെയാണ്. ആകാശ് വ്യോമപ്രതിരോധ സംവിധാനം, പിനാക മൾട്ടിബാരൽ റോക്കറ്റ് സംവിധാനം, അഡ്വാൻസ്ഡ് ടോയ്ഡ് ആർട്ടിലറി ഗൺ എന്നിവയ്ക്കാണ് കൂടുതൽ അന്വേഷണങ്ങൾ വരുന്നത്. ഡ്രോണുകളെയും വിമാനങ്ങളെയും തകർക്കാൻ ശേഷിയുള്ള ആകാശ് വ്യോമപ്രതിരോധ സംവിധാനം നിലവിൽ അർമേനിയ സ്വന്തമാക്കിയിട്ടുണ്ട്. ഇതിന് പുറമെ പിനാക റോക്കറ്റ് സംവിധാനവും അർമേനിയ വാങ്ങിയിട്ടുണ്ട്. വിയറ്റ്നാം, ബ്രസീൽ, യുഎഇ തുടങ്ങിയ രാജ്യങ്ങളും പിനാകയിൽ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഫ്രഞ്ച് സൈന്യവും ഇന്ത്യ വികസിപ്പിക്കുന്ന പുതിയ ശക്തിയേറിയ പിനാകയിൽ താത്പര്യമറിയിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 23,622 കോടി രൂപയിൽ എത്തി. കഴിഞ്ഞ പത്ത് വർഷത്തിനിടെ 31 ഇരട്ടി വർദ്ധനവാണ് ഈ മേഖലയിൽ ഉണ്ടായത്. 'ആത്മനിർഭർ ഭാരത്' പദ്ധതിയിലൂടെ 2029-ഓടെ കയറ്റുമതി 50,000 കോടി രൂപയായി ഉയർത്താനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

# എസ് ഐ.ആർ കരട് പട്ടിക ഇന്ന് 3മണിക്ക്

തിരു: സംസ്ഥാനത്തെ എസ്.ഐ.ആർ കരട് പട്ടിക ഇന്ന് ഉച്ചക്ക് മൂന്ന് മണിക്ക് പ്രസിദ്ധീകരിക്കുമെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസ് അറിയിച്ചു. നിലവിൽ പ്രചരിക്കുന്ന പട്ടികക്ക് കരട് പട്ടികയുമായി യാതൊരു ബന്ധവുമില്ലെന്നും അറിയിച്ചു.

2025 ഒക്ടോബറിലെ വോട്ടർ പട്ടികയിലുണ്ടായിരുന്ന 2.78 കോടി പേർക്കാണ് എന്യൂമറേഷൻ ഫോം വിതരണം ചെയ്തത്. ഇതിൽ 2.54 കോടി പേർ ഫോം പൂരിപ്പിച്ച് തിരികെയേൽപിച്ചു. 24 ലക്ഷം പേരെ കണ്ടെത്താനായിട്ടില്ലെന്നാണ് കമീഷന്റെവിലയിരുത്തൽ. ഇവരുടെ ബൂത്ത് അടിസ്ഥാനത്തിലുള്ള പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫലത്തിൽ 2.54 കോടി പേരുടെ പട്ടികയാണ് കരടിലുണ്ടാവുക. കണ്ടെത്താനാകാത്ത 24 ലക്ഷം പേരുടെ പട്ടിക അനുബന്ധമായുണ്ടാകും.

## നിലവിൽ പ്രചരിക്കുന്നത് എസ് ഐ ആർ പട്ടികയല്ല

കരട് പട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും ചൊവ്വാഴ്ച മുതൽ തന്നെ സമർപ്പിക്കാം. ജനുവരി 22 വരെയാണ് ഇതിനുള്ള സമയം. എന്യൂമറേഷൻ ഘട്ടത്തിൽ ഫോം സമർപ്പിക്കാൻ കഴിയാത്ത 'കണ്ടെത്താനാകാത്തവരുടെ' പട്ടികയിലുള്ളവർക്ക് ഡിക്ലറേഷനും ഫോം 6 ഉം നൽകി എസ്.ഐ.ആറിന്റെ ഭാഗമാകാനും അവസരമുണ്ട്. ഇതേ സമയപരിധിയിൽ തന്നെ എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകിയവരിൽ മതിയായ വിവരങ്ങൾ നൽകാത്തവർക്ക് ഇ.ആർ.ഒമാർ നോട്ടീസ് നൽകും.

2002ലെ പട്ടികയിലുള്ളവരോ അല്ലെങ്കിൽ 2002ലെ പട്ടികയിൽ രക്ഷിതാക്കളോ അവരുടെ മാതാപിതാക്കളോ ഉൾപ്പെട്ടവരോ തിരിച്ചറിയൽ രേഖ സമർപ്പിക്കേണ്ടിവരില്ല. അല്ലാത്തവർ രേഖകൾ നൽകേണ്ടി വരും. നിയോജക മണ്ഡലങ്ങളിലെ ഇ.ആർ.ഒമാരാണ് നോട്ടീസ് നൽകി ഹിയറിങ് നടത്തുക.

കരട് പട്ടികയിലുള്ളയാളെ ഹിയറിങ്ങിന് ശേഷം ഇ.ആർ.ഒ പട്ടികയിൽനിന്ന് ഒഴിവാക്കുന്ന പക്ഷം 15 ദിവസത്തിനകം ജില്ലാ തെരഞ്ഞെടുപ്പ് ഓഫിസർ കൂടിയായ കലക്ടർക്ക് അപ്പീൽ നൽകാം. കലക്ടറുടെ തീരുമാനത്തിലും അതൃപ്തിയുള്ള പക്ഷം മുഖ്യതെരഞ്ഞെടുപ്പ് ഓഫിസർക്ക് രണ്ടാം അപ്പീൽ സമർപ്പിക്കാം. ഇ.ആർ.ഒയുടെ തീരുമാനം വന്ന് 30 ദിവസത്തിനകമായിരിക്കണം രണ്ടാം അപ്പീൽ സമർപ്പിക്കേണ്ടത്. ഫെബ്രുവരി 21 നാണ് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുക.

## കേരളത്തിലെ രണ്ട് ജില്ലകളിൽ പക്ഷിപ്പനി

ആലപ്പുഴ: കോട്ടയം, ആലപ്പുഴ ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. ഭോപ്പാലിലെ ലാബിൽ നടത്തിയ സാംപിൾ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. ആലപ്പുഴയിലെ എട്ട് പഞ്ചായത്തുകളിൽ ഓരോ വാർഡിലാണ് രോഗബാധ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കോട്ടയത്ത് മൂന്ന് വാർഡുകളിലും രോഗബാധയുണ്ട്. ആലപ്പുഴയിൽ നെടുമുടി, ചെറുതന, കരുവാറ്റ, കാർത്തികപ്പള്ളി, അമ്പലപ്പുഴ തെക്ക്, പുന്നപ്ര തെക്ക്, തകഴി, പുറക്കാട് പഞ്ചായത്തുകളിലാണ് രോഗബാധ.

നെടുമുടിയിൽ കോഴികൾക്കും മറ്റ് സ്ഥലങ്ങളിൽ താറാവിനും രോഗബാധയുണ്ട്. കോട്ടയത്ത് കുറുപ്പന്തറ, മാഞ്ഞൂർ, കല്ലുപുരയ്ക്കൽ, വേളൂർ എന്നീ വാർഡുകളിലാണ് രോഗബാധ ഉണ്ടായിരിക്കുന്നത്. കാട, കോഴി എന്നിവയ്ക്കാണ് കോട്ടയത്ത് രോഗബാധയുള്ളത്. പരിശോധനാഫലം മൃഗസംരക്ഷണ വകുപ്പിന് ലഭിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾക്ക് മൃഗസംരക്ഷണ വകുപ്പ് നിർദേശം നൽകി.

## ക്രിസ്മസ് ആഘോഷത്തിനിടെ ബി.ജെ.പി നേതാവ് കാഴ്ചയില്ലാത്ത യുവതിയെ കൈയേറ്റം ചെയ്തു

ജബൽപൂർ (മധ്യപ്രദേശ്): മതംമാറ്റം നടത്തു?ന്നുവെന്നാരോപിച്ച് ക്രിസ്മസ് ആഘോഷത്തിനിടെ കാഴ്ച പരിമിതിയുള്ള യുവതിയെ ബി.ജെ.പി വനിത നേതാവ് കൈയേറ്റം ചെയ്തു. പൊലീസ് നോക്കിനിൽക്കെയാണ് അതിക്രമം. മധ്യപ്രദേശിലെ ജബൽപൂരിൽ നടന്ന സംഭവത്തിന്റെ ദൃശ്യങ്ങൾ തിങ്കഴാഴ്ചയാണ് പുറത്തുവന്നത്.

ഗൊരഖ്പൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന ഹവാ ബാഗിലെ ക്രിസ്ത്യൻ ആരാധനാലയത്തിൽ ശനിയാഴ്ചയാണ് അതിക്രമം നടന്നത്. ബി.ജെ.പി ജബൽപൂർ ജില്ല വൈസ് പ്രസിഡന്റ് അഞ്ജു ഭാർഗവ ആൾക്കൂട്ടത്തിന് നടുവിൽ വെച്ച് യുവതി?യെ കൈയേറ്റം ചെയ്യുകയായിരുന്നു. യുവതിയെ ചീത്തവിളിക്കുകയും കൈ പിടിച്ച് തിരിക്കുകയും മുഖത്ത് കുത്തിപ്പിടിക്കുകയും ചെയ്യുന്നത് കോൺഗ്രസ് ദേശീയ ചെയർപേഴ്സൺ കൂടിയായ സുപ്രിയ ശ്രീനാഥെ എക്സിൽ പങ്കുവച്ച ദൃശ്യങ്ങളിൽ വ്യക്തമാണ്. പൊലീസുകാർ അടക്കമുള്ളവർ സംഭവസമയത്ത് സ്ഥലത്തുണ്ടായിരുന്നു.

കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി ചർച്ചിൽ സംഘടിപ്പിച്ച പരിപാടിക്കിടെയാണ് അക്രമം. പണം കിട്ടാനായി മതപരിവർത്തനം നടത്തുകയാണെന്ന് ആരോപിച്ചാണ് ബി.ജെ.പി നേതാവ് ഇവർക്കെതി?രെ തിരിഞ്ഞത്. ഉപദ്രവിക്കാതെ സംസാരിക്കണമെന്ന് യുവതി ഇവരോട് ആവശ്യപ്പെടുന്നുണ്ട്. അടുത്ത ജന്മത്തിലും താൻ കാഴ്ചാപരിമിതി നേരിടുമെന്നതടക്കം അഞ്ജുഭാർഗവ പറയുന്നത് വിഡിയോയിൽ കേൾക്കാം. മതപരിവർത്തനം ലക്ഷ്യമിട്ടാണ് കുട്ടികളെ കൊണ്ടുവന്നതെന്ന് ആരോപിച്ച് ബിജെപി നേതാക്കളും ഹിന്ദുത്വ സംഘടനകളും പരിപാടിക്കെതി?രെ രംഗത്തെത്തിയിരുന്നു.

## നെറ്റ് പരീക്ഷയുടെ തലേദിവസം ചോദ്യപ്പേപ്പർ കിട്ടി, വില നാല് ലക്ഷം രൂപ

ന്യൂഡൽഹി: ഹരിയാനയിലെ സോനിപ്പത്തിൽ സിഎസ്ഐആർ – നെറ്റ് പരീക്ഷയുടെ ചോദ്യപ്പേപ്പർ ചോർന്നതുമായി ബന്ധപ്പെട്ട് 2പേർ അറസ്റ്റിൽ. പരീക്ഷക്ക് ഒരു ദിവസം മുമ്പ് രണ്ട് വിഷയങ്ങളുടെ ചോദ്യപ്പേപ്പറുകൾ 37 വിദ്യാർത്ഥികൾക്ക് വിൽപ്പന നടത്തിയെന്ന കണ്ടെത്തലിന് പിന്നാലെയാണ് ഹരിയാന പൊലീസിന്റെ നടപടി. റോഹ്തക് നിവാസികളായ സച്ചിൻ കുമാർ, നീരജ് ധൻഖർ എന്നിവരാണ് അറസ്റ്റിലായത്. ഡിസംബർ 17 ബുധനാഴ്ചയായിരുന്നു ഇവരെ പിടികൂടിയത്.

ലൈഫ് സയൻസ്, കെമിക്കൽ സയൻസ് പരീക്ഷകളുടെ ചോദ്യപ്പേപ്പറാണ് ചോർന്നത്. 4 ലക്ഷം രൂപക്കാണ് ചോദ്യപ്പേപ്പർ ചോർത്തി നൽകിയത്. നീരജിന്റെ സഹോദരനും അദ്ധ്യാപകനുമായ ധീരജ് ആണ് ഫോണിലൂടെ ചോദ്യങ്ങൾ ചോർത്തി നൽകിയതെന്ന് ചോദ്യംചെയ്യലിൽ പ്രതികൾ സമ്മതിച്ചു. ഒളിവിൽപ്പോയ ധീരജിനും കൂട്ടാളി ആഷിക്കിനും വേണ്ടിയുള്ള തെരച്ചിൽ നടക്കുകയാണെന്ന് പൊലീസ് അറിയിച്ചു. ഭാരതീയ ന്യായ സംഹിതയിലെ സെക്ഷൻ 316(2), 318(4), 61(2) എന്നീ വകുപ്പുകൾ ചുമത്തിയാണ് പ്രതികൾക്കെതിരെ കേസെടുത്തിരിക്കുന്നത്.

## ലക്ഷം തൊട്ട് സ്വർണവില, ഒറ്റയടിക്ക് കൂടിയത് 1760 രൂപ: ഒരു പവൻ സ്വർണത്തിന് 1,01,600 രൂപ

തിരു: ആഭരണപ്രേമികളുടെ നെഞ്ചിടിപ്പേറ്റി സ്വർണ വില ഒരു ലക്ഷം രൂപ കടന്നു. ഏറ്റവും പുതിയ വിലവിവരം പുറത്തുവരുമ്പോൾ ഒരു പവൻ സ്വർണത്തിന് 1,01,600 രൂപയായി. ഒരു ഗ്രാം സ്വർണത്തിന് 12,700 രൂപ നൽകണം. ഒരു പവൻ സ്വർണത്തിന് ഇന്ന് മാത്രം കൂടിയത് 1760 രൂപയാണ്. സ്വർണ വിലയിൽ ചരിത്രത്തിൽ ആദ്യമായാണ് ഇത്രയും വലിയൊരു മുന്നേറ്റമുണ്ടാകുന്നത്. രാജ്യാന്തര വിലയിലെ റെക്കാർഡിന്റെ ചുവട് പിടിച്ചാണ് കേരളത്തിലും വില വർദ്ധിച്ചത്. ജി.എസ്.ടിയും പണിക്കൂലിയും അടക്കം ഒരു പവൻ സ്വർണം വാങ്ങുമ്പോൾ വലിയ വില നൽകേണ്ടിവരും.

18 കാരറ്റ് സ്വർണത്തിന്റെ വില 200 രൂപ വർദ്ധിച്ച് 10,525 രൂപയായി. ഇതോടൊപ്പം വെള്ളി വിലയിലും വർദ്ധനവുണ്ടായി. ഗ്രാമിന് രണ്ട് രൂപ ഉയർന്ന് 220 രൂപയായി.

ആഗോളതലത്തിലെ വിവിധ സാഹചര്യങ്ങളാൽ സുരക്ഷിതനിക്ഷേപമെന്ന നിലയിൽ നക്ഷേപകർ കരുതുന്നതാണ് സ്വർണത്തിന് കരുത്തേകുന്നത്. സംഘർഷഭരിതമായ ആഗോള സാഹചര്യത്തിൽ ഡോളറിന് ആകർഷകമായ ബദലാണ് സ്വർണം. യു.എസ് ഡോളർ സംഭരിക്കുന്നതിൽ നിന്ന് മാറി കേന്ദ്രബാങ്കുകൾ സ്വർണം വാങ്ങിക്കൂട്ടുന്നത് തുടരുന്നതും സ്വർണത്തിന് മേൽക്കൈ നൽകുന്നുണ്ട്.

ആഭ്യന്തര വിപണിയിൽ ആഭരണങ്ങളുടെ ഡിമാൻഡിൽ ചെറിയ ഇടിവുണ്ടെങ്കിലും സ്വർണത്തിൽ നിക്ഷേപിക്കാൻ ആളുകൾ താത്പര്യം കാട്ടുന്നുണ്ട്. ഉത്സവകാല ആഭരണം എന്നതിലുപരി സാമ്പത്തിക ആസ്തിയാണെന്ന തിരിച്ചറിവിൽ സ്വർണനാണയങ്ങളും സ്വർണക്കട്ടികളും ഇ.ടി.എഫുകളും നിക്ഷേപകർ വാങ്ങുന്നുണ്ട്.

# ഇന്ത്യയിലെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ക്രമക്കേടുകളുണ്ടെന്ന് രാഹുൽ ഗാന്ധി

ബെർലിൻ: ഇന്ത്യയിലെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ക്രമക്കേടുകളുണ്ടെന്ന് ആവർത്തിച്ച് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ജർമ്മനിയിലെ ബെർലിനിൽ നടന്ന പരിപാടിയിൽ സംസാരിക്കവേയാണ് രാഹുലിന്റെ പരാമർശം. ഇന്ത്യയിലെ ഭരണഘടനാ സ്ഥാപനങ്ങളെ ബിജെപി ആയുധമാക്കുകയാണെന്നും രാഹുൽ കൂട്ടിച്ചേർത്തു. ഇന്ത്യയിലെ അന്വേഷണ ഏജൻസികളായ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, സിബിഐ എന്നിവയെ ബിജെപി രാഷ്ട്രീയ എതിരാളികളെ തകർക്കാനായി ഉപയോഗിക്കുകയാണെന്ന് രാഹുൽ ഗാന്ധി പറഞ്ഞു.

ഈ ഏജൻസികൾ ഭരണപക്ഷത്തുള്ളവർക്കെതിരെ കേസെടുക്കുന്നില്ലെന്നും എന്നാൽ, പ്രതിപക്ഷ നേതാക്കളെ നിരന്തരം വേട്ടയാടുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കോൺഗ്രസ് ഈ സ്ഥാപനങ്ങളെ രാജ്യത്തിന്റെ സ്വത്തായാണ് കണ്ടിരുന്നതെങ്കിൽ, ബിജെപി അവയെ പ്രതിപക്ഷത്തെ വേട്ടയാടാനുള്ള ഉപകരണമായാണ് കാണുന്നതെന്നും അദ്ദേഹം ആരോപിച്ചു.



ഇന്ത്യയിലെ തിരഞ്ഞെടുപ്പ് സംവിധാനത്തിൽ കുഴപ്പങ്ങളുണ്ടെന്നും കുറ്റമറ്റതല്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. 2024-ലെ ഹരിയാണ നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് മോഷണം നടന്നതായി രാഹുൽ ഗാന്ധി ആവർത്തിച്ചു. ഹരിയാണയിൽ കോൺഗ്രസ് വിജയിച്ചുവെന്ന് തെളിയിക്കുന്ന രേഖകൾ കൈവശമുണ്ടെന്നും എന്നാൽ വോട്ടർ പട്ടികയിലെ ക്രമക്കേടുകൾ സംബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മിഷൻ മറുപടി നൽകിയില്ലെന്നും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്ര തിരഞ്ഞെടുപ്പും നീതിയുക്തമായിരുന്നില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാമ്പത്തിക മാതൃക പരാജയപ്പെട്ടുവെന്നും അത് രാജ്യത്ത് വലിയ സാമൂഹികപ്രശ്നങ്ങൾക്ക് കാരണമാകുമെന്നും രാഹുൽ ഗാന്ധി മുന്നറിയിപ്പ് നൽകി. മോദിയുടെ കാഴ്ചപ്പാട് രാജ്യത്തെ ജനങ്ങളെ തമ്മിൽ തല്ലിക്കാൻ ഇടയാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ ഇന്ത്യയിൽ രണ്ട് വ്യത്യസ്ത കാഴ്ചപ്പാടുകൾ തമ്മിലുള്ള പോരാട്ടമാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

അതേസമയം രാഹുൽ ഗാന്ധിയുടെ പരാമർശത്തിനെതിരെ ബിജെപി രംഗത്ത് വന്നു. രാജ്യത്ത് അരാജകത്വവും അസ്ഥിരതയും ഉണ്ടാക്കാനാണ് രാഹുൽ ശ്രമിക്കുന്നതെന്ന് ബിജെപി നേതൃത്വം കുറ്റപ്പെടുത്തി.

രാഹുൽ ഗാന്ധി ഇന്ത്യാവിരുദ്ധനാണെന്നും വിദേശമണ്ണിൽ രാജ്യത്തെ അപകീർത്തിപ്പെടുത്തുകയാണെന്നും ബിജെപി വക്താവ് പ്രദീപ് ഭണ്ഡാരി ആരോപിച്ചു. ഇന്ത്യയുടെ പുരോഗതിയെ തടയാനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്നും രാഹുൽ ഗാന്ധി ഇപ്പോഴും ഒരു കുട്ടിയെപ്പോലെയാണ് പെരുമാറുന്നതെന്നും കേന്ദ്രമന്ത്രി ശോഭ കരന്ദ്ലജെ പരിഹസിച്ചു.

# നളന്ദ സർവകലാശാല നവീകരണം; കേന്ദ്ര സർക്കാരിനെ പ്രകീർത്തിച്ച് തരൂർ

ന്യൂഡൽഹി: നളന്ദ സർവകലാശാലയുടെ നവീകരണത്തിനും വികസനത്തിനും കേന്ദ്രസർക്കാർ നടത്തിയ പ്രവർത്തനങ്ങളെ പ്രശംസിച്ച് കോൺഗ്രസ് നേതാവ് ശശി തരൂർ. രാജ്യത്തിനുവേണ്ടി വിദേശകാര്യ മന്ത്രാലയം ചെയ്യുന്ന വിവിധ സംഭാവനകളിലെ അത്ഭുതകരമായ നേട്ടമാണിതെന്ന് തരൂർ പറഞ്ഞു. ബിഹാറിലെ രാജ്ഗിറിൽ നടന്ന നളന്ദ സാഹിത്യോത്സവം ഉദ്ഘാടനം ചെയ്യാനെത്തിയ തരൂർ സാഹിത്യത്തെയും ആശയങ്ങളെയും കുറിച്ചുള്ള ചർച്ചകൾ പ്രോത്സാഹിപ്പിക്കാനുള്ള അവസരമാണിതെന്നും കൂട്ടിച്ചേർത്തു.



"ഡോ. എസ്. ജയശങ്കറിനും വിദേശകാര്യ മന്ത്രാലയത്തിനും ഈ അത്ഭുതകരമായ നേട്ടത്തിന് എന്റെ ഹൃദ്യമായ അഭിനന്ദനങ്ങൾ" എന്ന് നിതി ആയോഗ് മുൻ ചെയർപേഴ്സൺ അമിതാഭ് കാന്തിന്റെ ഒരു എക്സ് പോസ്റ്റ് പങ്കുവെച്ച് തരൂർ കുറിച്ചു.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറിനെയും തരൂർ പ്രശംസിച്ചു. 'ഞാൻ കേട്ടതിനേക്കാൾ അടിസ്ഥാന സൗകര്യങ്ങൾ വളരെ മികച്ചതാണെന്ന കാര്യത്തിൽ സംശയമില്ല. റോഡുകൾ മെച്ചപ്പെട്ടു. രാത്രി വൈകിയും ആളുകൾ തെരുവുകളിൽ ഇറങ്ങുന്നു. മുൻകാലങ്ങളിൽ അങ്ങനെ ആയിരുന്നില്ല. വൈദ്യുതി, ജല വിതരണം തുടങ്ങി മറ്റെല്ലാ കാര്യങ്ങളും സുഗമമായി നടക്കുന്നു, തരൂർ മാധ്യമങ്ങളോട് പ്രതികരിച്ചു. നിതീഷ് കുമാറിനെക്കുറിച്ച് ചോദിച്ചപ്പോൾ, അദ്ദേഹം ഒഴിഞ്ഞുമാറി 'എന്നെ രാഷ്ട്രീയത്തിലേക്ക് വലിച്ചിടരുത്. തീർച്ചയായും ഈ വികസനത്തിൽ ഞാൻ സന്തോഷവാനാണ്. ബിഹാറിലെ ജനങ്ങളും അവരുടെ പ്രതിനിധികളും അഭിനന്ദനം അർഹിക്കുന്നു.'

നാല് തവണ ലോക്സഭാ എംപിയായ തരൂർ, പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പ്രശംസിച്ചുകൊണ്ടുള്ള ഒട്ടേറെ അഭിപ്രായങ്ങൾ പങ്കുവെച്ചതിനെ തുടർന്ന് കോൺഗ്രസിൽ നിന്ന് എതിർപ്പ് നേരിടുന്നുണ്ട്. എന്നിരുന്നാലും പാർലമെന്റ് സമ്മേളനത്തിൽ അദ്ദേഹം കോൺഗ്രസിന് വേണ്ടി വാദിക്കാൻ രംഗത്തെത്തുകയും അടുത്തിടെ പാസാക്കിയ വിബി ജി റാം ജി ഗ്രാമീണ തൊഴിൽ ഗ്യാരണ്ടി പദ്ധതിയെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു.

# 'ദൈവത്തിന്റെ കയ്യൊപ്പ്'; കൊച്ചിയിലെ സാഹസിക രക്ഷാപ്രവർത്തനത്തിൽ ഡോക്ടർമാരെ അഭിനന്ദിച്ച് പ്രതിപക്ഷ നേതാവ്

കൊച്ചി: ഉദയംപേരൂരിൽ വാഹനാപകടത്തിൽപ്പെട്ട യുവാവിന് നടുറോഡിൽ വെച്ച് അടിയന്തര ശസ്ത്രക്രിയ നടത്തി ജീവൻ രക്ഷിച്ച ഡോക്ടർമാരെ അഭിനന്ദിച്ച് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സിനിമാക്കഥകളെ പോലും വെല്ലുന്ന തരത്തിൽ, മൊബൈൽ ഫോൺ വെളിച്ചത്തിൽ നടത്തിയ ഈ സാഹസികമായ ഇടപെടൽ ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞ പ്രവൃത്തിയാണെന്ന് അദ്ദേഹം പറഞ്ഞു.



ഈ വാർത്ത വായിച്ചപ്പോൾ അത്ഭുതം തോന്നിയെന്ന് പറഞ്ഞ വി.ഡി. സതീശൻ, ഡോക്ടർമാരെ നേരിൽ വിളിച്ച് തന്റെ സന്തോഷവും നന്ദിയും അറിയിച്ചു. 'ഒരാളെ ജീവിതത്തിലേക്ക് കൈപിടിച്ചു കൊണ്ടുവരിക എന്നത് മഹത്തായ കാര്യമാണ്. പ്രിയപ്പെട്ടവരെ, നിങ്ങളോട് എത്ര നന്ദി പറഞ്ഞാലാണ് മതിയാകുക?' എന്ന് അദ്ദേഹം ഫെയ്സ്ബുക്കിൽ കുറിച്ചു. സമൂഹത്തിന് വലിയൊരു മാതൃകയാണ് ഈ ഡോക്ടർമാർ നൽകിയതെന്നും, പ്രതിസന്ധി ഘട്ടങ്ങളിൽ നാട്ടുകാരും പോലീസും നൽകിയ സഹായം എടുത്തുപറയേണ്ടതാണെന്നും സതീശൻ കൂട്ടിച്ചേർത്തു.

എറണാകുളം ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിലെ ഡോക്ടർമാരായ തോമസ് പീറ്റർ, അദ്ദേഹത്തിന്റെ ഭാര്യ ഡോ. ദിദിയാ തോമസ് എന്നിവർ പള്ളിയിലേക്ക് പോകുന്ന വഴിക്കാണ് ഉദയംപേരൂരിൽ വെച്ചാണ് അപകടം കാണുന്നത്. റോഡിൽ രക്തം വാർന്ന് കിടന്നവരിൽ ഒരാളുടെ നില അതീവ ഗുരുതരമായിരുന്നു. ഈ സമയം കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോ തൊറാസിക് സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ബി. മനൂപും സ്ഥലത്തുണ്ടായിരുന്നു.

ആശുപത്രിയിലെത്തിക്കാൻ കാത്തുനിൽക്കാതെ, അടിയന്തര നടപടി ആവശ്യമാണെന്ന് മനസ്സിലാക്കിയ ഡോക്ടർമാർ നടുറോഡിൽ വെച്ച് ശസ്ത്രക്രിയ നടത്താൻ തീരുമാനിക്കുകയായിരുന്നു. ശസ്ത്രക്രിയയ്ക്ക് ആവശ്യമായ വെളിച്ചം നൽകിയത് അവിടെയുണ്ടായിരുന്ന നാട്ടുകാരുടെയും പോലീസുകാരുടെയും മൊബൈൽ ഫോണുകളായിരുന്നു. വെറും നാല് മിനിറ്റ് കൊണ്ട് നടത്തിയ ഈ ഇടപെടലിലൂടെ ആ യുവാവ് ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് ഡോക്ടർമാർ ഉറപ്പാക്കി.

## തോൽവിക്ക് കാരണം നേതാക്കളുടെ പിടിവാശി? തലസ്ഥാനത്ത് സിപിഎമ്മിൽ കലഹം

തിരു : കോർപ്പറേഷനിലുണ്ടായ കനത്ത തിരിച്ചടിക്ക് പിന്നാലെ ജില്ലയിലെ സിപിഎമ്മിൽ ആഭ്യന്തര കലഹം. തിരഞ്ഞെടുപ്പ് പരാജയത്തെത്തുടർന്ന് പാർട്ടി കമ്മിറ്റികളിലും നേതൃത്വത്തിനിടയിലും വലിയ അസ്വസ്ഥതകൾ പുകയുന്നതായാണ് റിപ്പോർട്ടുകൾ. വി. ശിവൻകുട്ടിയും കടകംപള്ളി സുരേന്ദ്രനും വികെ പ്രശാന്തും സ്വന്തം മണ്ഡലത്തിലെ കാര്യങ്ങൾ മാത്രമാണ് നോക്കിയതെന്ന് ജില്ലാ കമ്മറ്റിയിൽ വിമർശനം ഉയർന്നു. സ്ഥാനാർഥിത്വത്തെ ചൊല്ലി സംസ്ഥാന നേതാക്കളുടെ പിടിവാശി പല സീറ്റുകളിലും പരാജയത്തിന് കാരണമായെന്നും വിമർശനമുണ്ട്.

പാർട്ടിക്കുള്ളിൽ തിരുത്തൽ നടപടികൾ വേണമെന്നാണ് ആവശ്യം. താഴേതട്ടിൽ നിന്നും ഉയർന്ന വിമർശനങ്ങൾ ഉൾക്കൊണ്ട് തിരുത്താനുള്ള നടപടികൾ സ്വീകരിച്ചാൽ മാത്രമേ വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടി ഒഴിവാക്കാൻ സാധിക്കുകയുള്ളൂവെന്നും അഭിപ്രായം ഉയരുന്നു.

ഏരിയകമ്മറ്റികൾക്ക് 22 ചോദ്യങ്ങൾ അടങ്ങുന്ന ചോദ്യാവലി നേതൃത്വം കൈമാറിയിട്ടുണ്ട്. എന്തുക്കൊണ്ട് തോറ്റു, പാർട്ടി പ്രവർത്തനം എങ്ങനെയാണ്, ഏരിയ കമ്മറ്റികൾക്ക് എന്തെല്ലാം ബുദ്ധിമുട്ടുകളാണ് ഉണ്ടായത് തുടങ്ങിയ വിവരങ്ങൾ അറിയുന്നതിനാണ് ചോദ്യാവലി. വരും ദിവസങ്ങളിൽ വിശദമായ റിപ്പോർട്ടുകൾ ഏരിയകമ്മറ്റികൾ കൈമാറുമെന്നാണ് വിവരം.

## അതിവേഗത്തിലെത്തിയ ബൈക്ക് അപകടത്തിൽപ്പെട്ട് യുവാവിന് ദാരുണാന്ത്യം; സഹോദരൻ ഗുരുതരാവസ്ഥയിൽ

കൊച്ചി: അമിതവേഗത്തിലെത്തിയ ബൈക്ക് നിയന്ത്രണംവിട്ട് അപകടത്തിൽപ്പെട്ട് യുവാവിന് ദാരുണാന്ത്യം.

എളമക്കര സ്വദേശി അസിം മുഹമ്മദാണ് മരിച്ചത്. കൂടെയുണ്ടായിരുന്ന സഹോദരൻ അസർ ഗുരുതരമായ പരിക്കുകളോടെ ആശുപത്രിയിലാണ്. അപകടത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

സ്പീഡിലെത്തിയ ബൈക്ക് ഹമ്പ് കണ്ടിട്ടും വേഗത കുറച്ചില്ല. തുടർന്ന് ബൈക്കിന്റെ നിയന്ത്രണംവിട്ട് അസിമും അസറും റോഡിലേക്ക് വീഴുന്നതുമാണ് ദൃശ്യങ്ങളിലുള്ളത്. ഇരുവരും ഹെൽമറ്റ് ധരിച്ചിട്ടില്ല. അസിമായിരുന്നു ബൈക്ക് ഓടിച്ചത്.

ബൈക്ക് നിയന്ത്രണം വിട്ടപ്പോൾ അസിം ഇടതുവശത്തേക്ക് വീണു, മതിലിൽ തലയിടിച്ചാണ് താഴേക്ക് വീണത്.

